**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6162** 20.11.2019-ലെ മറുപടിയ്ക്ക്

## വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ

**ചോദ്യം** **മറുപടി**

**ശ്രീ.എം.ഉമ്മർ**

**അഡ്വ. കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് നിലവിൽ തീർപ്പാകാതെ കിടക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുമായി ബന്ധപ്പെട്ട 1367 കേസുകളാണ് നിലവിൽ തീർപ്പാകാതെ കിടക്കുന്നത്. സർക്കിൾ തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു. |

| സർക്കിൾ | തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകളുടെ എണ്ണം |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | 35 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 60 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 63 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 832 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 288 |
| ഫീൽഡ് ഡയറക്ടർ, പാലക്കാട് | 76 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 11 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 2 |
| ആകെ | 1367 |

| | | | |
|---|---|---|---|
| (ബി) | കൃത്യമായ വനാതിർത്തി നിർണയിക്കപ്പെടാത്തതു കാരണം പൊതുജനങ്ങൾക്ക് | (ബി) | വനാതിർത്തി കൃത്യമായ നിർണ്ണയിക്കപ്പെടാത്ത സ്ഥലങ്ങളിൽ, സമീപത്ത് ഭൂമി ഉള്ളവർക്ക് |

| | | | |
|---|---|---|---|
| | നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; | | പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇ.എഫ്.എൽ, നിക്ഷിപ്തവനം ഉൾപ്പെടെ വനഭൂമി സംബന്ധമായി വിവിധ കോടതികളിൽ കേസുകൾ നിലനിൽക്കുന്ന സാഹചര്യത്തിലും, വനം കയ്യേറ്റം നിലനിൽക്കുന്ന സ്ഥലങ്ങളിലും വനം-റവന്യൂ സംയുക്ത പരിശോധന പൂർത്തിയാകാത്ത സ്ഥലങ്ങളിലും വന അതിർത്തി നിർണ്ണ യിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇത്തരം വനാതിർത്തികൾ പുനർ നിർണ്ണയം ചെയ്ത് അതിർത്തിയിൽ ജണ്ട കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പൊതുജനങ്ങളുടെ അപേക്ഷകളിൽ വനം വകുപ്പിൽ നിന്നും സ്ഥലം പരിശോധിച്ച് എൻ.ഒ.സി. നൽകി വരുന്നുമുണ്ട്. |
| (സി) | ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിൽ വനഭൂമി യുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കു ന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വനഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേസുകളുമായി ബന്ധ പ്പെട്ട് കോടതികളിൽ സമർപ്പിക്കേണ്ട കാര്യവിവരണ പത്രികകളും, രേഖകളും യഥാസമയം ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കോടതി നിർദ്ദേശിക്കുന്ന തീരുമാനങ്ങളും, ഉത്തരവുകളും യഥാസമയം നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**